**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5444**

**01.07.2019 ൽ മറുപടിയ്ക്ക്**

# യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ. ആന്റണി ജോൺ**
**ശ്രീ. ആർ.രാജേഷ്**
**ശ്രീ. കെ.ബാബു**
**ശ്രീ. യു.ആർ.പ്രദീപ്**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി യുവജനക്ഷേമ ബോർഡ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | യുവജനശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി യുവജനക്ഷേമ ബോർഡ് യുവശക്തി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവരിലൂടെയും യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾ/യുവാക്ലബ്ബുകളിലൂടെയും യുവജനക്ഷേമ ബോർഡിന്റെ യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ യുവജനങ്ങളിൽ എത്തിക്കുകയും ബോർഡിന്റെ ജില്ലാ ഓഫീസുകൾ വഴി ടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ഇതിനുവേണ്ട നിർദ്ദേശങ്ങൾ സംസ്ഥാന ഓഫീസിൽ നിന്നും നൽകുകയും ചെയ്തുവരുന്നു. |
| (ബി) | യുവജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാഹിത്യപരവും കലാ-കായികപരവുമായ സർവ്വതോന്മുഖ വികസനത്തിനായി ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവജനങ്ങൾക്കായി ദേശീയ മാധ്യമ സെമിനാർ, ജോബ് ഫെസ്റ്റ്, യൂത്ത് കേരള എക്സ്പ്രസ്സ്, ദിനാചരണങ്ങൾ, കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്, ആർട്ട് ഡി ടൂർ, യൂത്ത് അവാർഡ്, സാംസ്കാരിക കൂട്ടായ്മകൾ, ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, നാഷണൽ ഫോക് ഫെസ്റ്റ്, സാഹസിക പരിശീലനങ്ങൾ, ബോധവത്കരണ പരിപാടികൾ, കായിക പരിശീലനങ്ങൾ, പി.എസ്.സി കോച്ചിംഗ്, ഷോർട്ട് ഫിലിം ഫെസ്റ്റ്, കേരളോത്സവം, സ്വയം തൊഴിൽ |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങൾ, സംരംഭകത്വ ശിൽപശാല, യുവശക്തി പദ്ധതി, യുവാക്ലബ്ബ് എന്നീ പരിപാടികളും സംരംഭങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | യുവജനങ്ങളുടെ തൊഴിൽപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകുന്നില്ല. എന്നാൽ സ്വയംതൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ക്ലബ്ബുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ